പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3072 | 22.06.2012-ൽ മറുപടിയ്ക്ക്

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടാൻ ശ്രമിക്കാതിരുന്നതാണ് പ്രതിസന്ധി രൂക്ഷമാക്കിയതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) സർക്കാർ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. |
| സി) ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ പണമില്ലാത്തതിനാൽ ജീവനക്കാരും, പെൻഷൻകാരും ബുദ്ധിമുട്ടിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിച്ച് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) കോർപ്പറേഷന്റെ പ്രവർത്തനം തുടർച്ചയായി നഷ്ടത്തിലായതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കോർപ്പറേഷന് ഇക്കാര്യത്തിൽ നൽകിവരുന്നുണ്ട്. കോർപ്പറേഷന്റെ സംഭരണശേഷി വിർദ്ധിപ്പിക്കുന്നതിന് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 120 കോടി |

| | |
|---|---|
| | രൂപ ചെലവിൽ സംഭരണശേഷി ഏകദേശം ഒരു ലക്ഷം ടൺ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പുതിയ വെയർഹൗസുകൾ പണിയുന്നതിന്റേയും നിലവിലുള്ള വെയർഹൗസുകൾ നവീകരിക്കുന്നതിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ